"ഭരണഭാഷ - മാതൃഭാഷ"
**വ്യാവസായിക പരിശീലനവകുപ്പ്**
(കേരളസംസ്ഥാനം)
ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(നിലവിൽ: സബിൻ ജോസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം- ഡ്രസ്സർ തസ്തികയിൽ സ്ഥാനകയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1.05.11.2019 തീയതിയിലുള്ള DT/1936/2019-A9 നമ്പർ ഉത്തരവ് പ്രകാരമുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
2.04.12.2019 തീയതിയിലെ DT/4917/2019-A9 നമ്പർ ഉത്തരവ്.
3.കളമശ്ശേരി ഐ.ടി.ഐ.പ്രിൻസിപ്പാളിന്റെ 23.11.2019 തീയതിയിലെ B1/2898/2019 നമ്പർ കത്ത്.
4.ചെങ്ങന്നൂർ ഐ.ടി.ഐ.പ്രിൻസിപ്പാളിന്റെ 03.03.2020 തീയതിയിലെ A2-2465/2019 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ: DT/4917/2019-A9 തീയതി: 28/05/2020**

ചെങ്ങന്നൂർ ഐ.ടി.ഐ.യിൽ ഡ്രസ്സർ തസ്തികയിൽ സേവനത്തിലുണ്ടായിരുന്ന ഉദ്യോഗസ്ഥൻ സേവനത്തിൽ നിന്ന് വിരമിച്ചത് മുഖേനെ ടി സ്ഥാപനത്തിൽ ടി തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്.

പരാമർശം(2) പ്രകാരമുള്ള ഡ്രസ്സർ തസ്തികയിലേയ്ക്കുള്ള സ്ഥാനകയറ്റ ഉത്തരവിൽ , സ്ഥാനകയറ്റത്തിനായി അപേക്ഷ സമർപ്പിച്ചവരിൽ, കളമശ്ശേരി ഐ.ടി.ഐ.യിലെ ഫുൾ ടൈം സ്വീപ്പറായ ശ്രീമതി.ജൂസി.പി.കെ (സീനിയോറിറ്റി നമ്പർ.839) എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനാൽ സ്ഥാനകയറ്റം അനുവദിച്ചിരുന്നില്ല.

എന്നാൽ ടിയാൾക്ക് ഡ്രസ്സറായി സേവനമനുഷ്ഠിച്ച മുൻ പരിചയമുള്ളതായും, ആയതിനാൽ ടിയാളെ സ്ഥാനകയറ്റത്തിന് പരിഗണിക്കുന്നതിനും (**Experience Certificate- Sangeeth Hospital,South Cherilal, Mattanchery,Cochin**) പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . മേൽ സാഹചര്യത്തിൽ, ടിയാളുടെ സീനിയോറിറ്റി , എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, അപേക്ഷ എന്നിവ പരിഗണിച്ച്, ചെങ്ങന്നൂർ ഐ.ടി.ഐയിൽ നിലവിലുള്ള ഡ്രസ്സർ തസ്തികയിലെ ഒഴിവിൽ ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾ 5 പ്രകാരം 17000-37500 ശമ്പള നിരക്കിൽ തസ്തിക മാറ്റം വഴി താത്കാലികമായി, ഉദ്യോഗകയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ്ഥാനകയറ്റം അനുവദിച്ച ജീവനക്കാരിയെ സ്ഥാപനമേധാവി വിടുതൽ ചെയ്യേണ്ടതും , വിടുതൽ ചെയ്യുതും, സേവനത്തിൽ പ്രവേശിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. ടി ജീവനക്കാരിക്ക് നിയമപ്രകാരമുള്ള ടി.എ/ ജോയിനിംഗ് ടൈം എന്നിവയ്ക്ക് അർഹതയുണ്ട്.

**(ഒപ്പ്)**
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**സ്വീകർത്താവ് :-**

ശ്രീമതി.ജൂസി.പി.കെ
ഫുൾ ടൈം സ്വീപ്പർ
ഐ.ടി.ഐ.കളമശ്ശേരി

**പകർപ്പ് :-**

1.പ്രിൻസിപ്പാൾ ഐ.ടി.ഐ.കളമശ്ശേരി/ചെങ്ങന്നൂർ
2.വകുപ്പ് വെബ്സൈറ്റ്
3.എസ്.എഫ്(എ 9)

**//ഉത്തരവിൻ പ്രകാരം//**

Rejis
സീനിയർ സൂപ്രണ്ട്